II ഇ.ബി. XII കേരള നിയമസഭ/IX-11

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

വാങ്മൂലം നല്കിയ ഉത്തരങ്ങൾ-സംഗ്രഹം

2008 ഡിസംബർ 17, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

34(*391) എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ) നൽകിയ മറുപടിയിൽ, 1959-ൽ ആരംഭിച്ച സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളും ഘട്ടംഘട്ടമായി കംമ്പ്യൂട്ടർവൽക്കരിക്കാൻ നടപടി ആരംഭിച്ചുകഴിഞ്ഞുവെന്നും 32 എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളിൽ കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. രജിസ്ട്രേഷൻ, രജിസ്ട്രേഷൻ പുതുക്കൽ തുടങ്ങിയ ജോലികൾ ഓൺ ലൈൻ സംവിധാനം മുഖേന നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. തൊഴിൽ വൈദഗ്ദ്ധ്യം നേടിയ അഭ്യസ്തവിദ്യരായ യുവജനങ്ങളെ ചെറുസംഘങ്ങളാക്കി തൊഴിൽ ക്ളബ്ബുകൾ രൂപീകരിക്കുന്ന സ്വയംതൊഴിൽ പദ്ധതിയാണ് മൾട്ടി പർപ്പസ് സർവ്വീസ് സെന്റർ. 5 പേരടങ്ങുന്ന ഓരോ ക്ളബ്ബിനും ബാങ്കുകൾ മുഖേന

10 ലക്ഷം രൂപ വായ്പയും വായ്പയുടെ 25 ശതമാനം (പരമാവധി 2 ലക്ഷം രൂപ) സബ്സിഡിയും നൽകുന്നതാണ്. 29-10-07-ൽ ഭരണാനുമതി നൽകിയ ഈ പദ്ധതിയുടെ ബഡ്ജറ്റ് അലോട്ട്മെന്റായ ഒരു കോടി രൂപ 68 ജോബ് ക്ളബ്ബുകൾക്ക് സബ്സിഡിയായി നൽകി പൂർണ്ണമായി വിനിയോഗിക്കാൻ സാധിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തികവർഷത്തിൽ ഇതുവരെ 82 ലക്ഷം രൂപ 56 ജോബ് ക്ളബ്ബുകൾക്ക് സബ്സിഡിയിനത്തിൽ വിതരണം നടത്തിയിട്ടുണ്ട്. മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ് യുവജനക്ഷേമബോർഡിന്റെ സഹായത്തോടെ വിപുലപ്പെടുത്തുന്നതാണ്. കാർഷികവൃത്തിയിൽ ഏർപ്പെടുന്ന തൊഴിലാളികൾക്ക് കൂടുതൽ സാങ്കേതിക പരിശീലനം ലഭ്യമാക്കാനുള്ള നടപടി അടുത്ത വർഷം മുതൽ നടപ്പിലാക്കുന്നതാണ്. സെൽഫ് എംപ്ളോയ്മെന്റ് ഓഫീസർമാർ എല്ലാ മാസവും തദ്ദേശഭരണ സ്ഥാപനങ്ങളിലെ തൊഴിൽരഹിത വേതന വിതരണം സംബന്ധിച്ച് പരിശോധന നടത്തുകയും ക്രമക്കേടുകൾ പരിഹരിക്കുന്നതിന് നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. സ്റ്റേറ്റ്-ജില്ലാതല പരിധികൾ കണക്കിലെടുത്ത് കാർഡ് അയയ്ക്കുന്ന മുഴുവൻ ആളുകൾക്കും ജോലി കൊടുക്കണമെന്ന നിബന്ധനയില്ല. ഇതുവഴിയുള്ള നിയമനങ്ങളിൽ സീനിയോറിറ്റി ലംഘിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാനുതകുംവിധം ഒരു നിയമനിർമ്മാണത്തിന് രൂപം കൊടുക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. പ്രസ്തുത നിയമത്തിൽ സ്വകാര്യമേഖലയിലെ താൽക്കാലിക നിയമനങ്ങൾ എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തുക, നിയമന കാലാവധി ഒരു വർഷമായി ഉയർത്തുക എന്നീ

കാര്യങ്ങൾ ഉൾപ്പെടുത്തുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചാലക്കുടിയിൽ ഒരു എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിച്ചു. സാമ്പത്തിക സ്ഥിതിയും ആവശ്യകതയും പരിശോധിച്ച് മറ്റ് ജില്ലകളിൽ പുതിയ എക്സ്ചേഞ്ചുകൾ ആരംഭിക്കുന്ന കാര്യം ആലോചിക്കുന്നതാണ്. യുവജനക്ഷേമ ബോർഡിന്റെ സഹായത്തോടുകൂടി എല്ലാ ജില്ലകളിലും വൊക്കേഷണൽ ഗൈഡൻസ് ആന്റ് കൗൺസിലിംഗ് സെന്റർ പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. സ്കിൽ ഡെവലപ്മെന്റിന്റെ അടിസ്ഥാനത്തിൽ ജനപ്രതിനിധികളുടേയും യുവജനസംഘടനകളുടെയും പഞ്ചായത്തുകളുടേയും സഹകരണത്തോടെ കൂടുതൽ ഐ.ടി.ഐ-കൾ സ്ഥാപിച്ച് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതാണ്. മാറ്റങ്ങൾക്കനുസൃതമായി ആധുനിക രീതിയിലുള്ള തൊഴിൽ പരിശീലനങ്ങൾ അവശ്യം വേണ്ടിടത്ത് നൽകാൻ നടപടി സ്വീകരിക്കുന്നതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 31,521 പേർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന തൊഴിൽ നൽകിയിട്ടുണ്ട്. പൊതുമേഖലാസ്ഥാപനങ്ങളിലും അർദ്ധസർക്കാർ സ്ഥാപനങ്ങളിലും എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് വഴി കൂടുതൽ പേർക്ക് ജോലി നൽകാൻ കഴിയുംവിധം നടപടികൾ മെച്ചപ്പെടുത്തുന്നതാണ്. ഇതുവഴിയുള്ള നിയമനങ്ങളിൽ അന്ധർ ഉൾപ്പെടെയുള്ള വികലാംഗരുടെ സംവരണം കർശനമായി പാലിക്കണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുന്നതാണ്. എല്ലാ എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളിലും ടെലിഫോൺ സൗകര്യം ലഭ്യമാക്കാനാവശ്യമായ തുക അടുത്ത ബഡ്ജറ്റിൽ

ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെടുന്നതാണെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

35 (*392) <u>മൽസ്യ സംസ്ക്കരണവും വിപണനവും</u>

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ.എസ്. ശർമ്മ) നൽകിയ മറുപടിയിൽ, മൽസ്യ സംസ്ക്കരണത്തിന് ശീതീകരിക്കൽ, ക്യാനിംഗ്, മൽസ്യം ഉണക്കൽ എന്നിങ്ങനെ വിവിധതരം സംവിധാനങ്ങൾ നിലവിലുണ്ടെന്ന് സഭയെ അറിയിച്ചു. രണ്ട് ഫ്രീസ് ഡ്രൈയിംഗ് യുണിറ്റുകൾക്ക് 3.14 മെട്രിക് ടണ്ണും നാല് ക്യാനിംഗ് യൂണിറ്റുകൾക്ക് 16.0 മെട്രിക് ടണ്ണും മൂന്ന് ഫിഷ്മീൽ യൂണിറ്റുകൾക്ക് 45.0 മെട്രിക് ടണ്ണും രണ്ട് ഫിഷ് ഓയിൽ യൂണിറ്റുകൾക്ക് 2.60 മെട്രിക് ടണ്ണും 114 ഫ്രീസിംഗ് യൂണിറ്റുകൾക്ക് 2318.21 മെട്രിക് ടണ്ണും 36 ക്വിക്ക് ഫ്രോസൺ യൂണിറ്റുകൾക്ക് 357.65-മെട്രിക് ടണ്ണുമാണ് നിലവിലുള്ള സംസ്ക്കരണശാലകളുടെ സ്ഥാപിതശേഷി. മൽസ്യമാർക്കറ്റുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് 30 മാർക്കറ്റുകളുടെ നവീകരണത്തിന് 390 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 12 മാർക്കറ്റുകളുടെ നവീകരണം പൂർത്തീകരിക്കുകയും മറ്റുള്ളവയുടേത് നടന്നുവരികയുമാണ്. ഈ വർഷം 100 ലക്ഷം രൂപ ഈ ആവശ്യത്തിനായി വകയിരുത്തിയിട്ടുണ്ട്. ആഭ്യന്തര വിപണിയിലെ മൽസ്യത്തിന്റെ ഗുണമേന്മ ഉറപ്പു വരുത്തുന്നതിനെക്കുറിച്ച് വകുപ്പുദ്യോഗസ്ഥരുടെ യോഗം വിളിച്ചു ചേർക്കുകയും ഈ വിഷയം ആസ്പദമാക്കി ഒരു പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തുകയും

ചെയ്തിട്ടുണ്ട്. കൊച്ചി സർവ്വകലാശാല നടത്തിയ പഠനത്തിൽ ശരാശരി 2.50 ലക്ഷം ടൺ ജലജീവികളെ ഉപയോഗശൂന്യമായി കടലിൽ തള്ളുന്നതിൽ ഏകദേശം 90,000 ടൺ മൽസ്യങ്ങളും ഉൾപ്പെടുന്നതായി കണ്ടെത്തിയിട്ടുണ്ട്. മൽസ്യ ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിനുവേണ്ടി കേന്ദ്ര ഗവണ്മെന്റ് അസംസ്കൃത വസ്തുക്കളുടെയും സുഗന്ധ എണ്ണകളുടെയും ഇറക്കുമതി തീരുവ സൗജന്യമാക്കി വരുന്നു. 29 തരം മൽസ്യ ഉൽപ്പന്നങ്ങളെ ഉയർന്ന മൂല്യമുള്ള കയറ്റുമതി ഉൽപ്പനങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തുകയും വിദേശവ്യാപാര ഇനത്തിൽ ഉന്നത മൂല്യമുള്ള കയറ്റുമതി ഉൽപ്പന്നങ്ങളായി നോട്ടിഫൈ ചെയ്യുകയും ചെയ്തിട്ടുണ്ട്. കേന്ദ്രഗവണ്മെന്റിന്റെ അംഗീകാരത്തോടുകൂടി എം.പി.ഇ.ഡി.എ. രാജ്യത്തെ എല്ലാ മൽസ്യ സംസ്ക്കരണശാലകളുടെയും നവീകരണത്തിനായി വിവിധ സ്കീമുകളിലൂടെ സാമ്പത്തിക സഹായം നൽകിവരുന്നു. നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള സംസ്ക്കരണവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും വിപണനവും വ്യാപകമാക്കുന്നതിനായി 'നളപാകം' എന്ന പേരിൽ ആധുനികസംവിധാനങ്ങളോടുകൂടിയ ഒരു ഫെസിലിറ്റി സെന്റർ കൊല്ലം ശക്തികുളങ്ങരയിൽ തുടങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. 99.50 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരുന്നു. ആഗോള സാമ്പത്തിക പ്രതിസന്ധിയുടെ ഫലമായി മൽസ്യ കയറ്റുമതിയിൽ കഴിഞ്ഞ വർഷത്തേക്കാൾ 10 ശതമാനം കുറവ് വന്നിട്ടുണ്ട്. ഈ പ്രതിസന്ധി അതിജീവിക്കാനും ആഭ്യന്തര മാർക്കറ്റ് ശക്തിപ്പെടുത്താനുമായി 20,000

കോടി രൂപയുടെ ഒരു പ്രത്യേക പാക്കേജ് നടപ്പാക്കാൻ കേന്ദ്രഗവണ്മെന്റ് തീരുമാനിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലുള്ള ഗുണങ്ങൾ സംസ്ഥാനത്തിനും ലഭ്യമാകുന്നതാണ്. ഉൾനാടൻ മൽസ്യോൽപ്പാദനം വർദ്ധിപ്പിക്കാനായി മൽസ്യ കേരളം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. സംസ്ഥാനാടിസ്ഥാനത്തിൽ ഗൈഡൻസ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിലും ലോക്കൽ അടിസ്ഥാനത്തിലും പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി മൽസ്യകർഷക പ്രതിനിധികൾ, സന്നദ്ധ സംഘടനകൾ, ജനപ്രതിനിധികൾ എന്നിവരെയുൾപ്പെടുത്തി രൂപീകരിക്കുന്ന ഫാർമേഴ്സ് ക്ളബ്ബുകളുടെ സംസ്ഥാനതല ഉൽഘാടനം 2008 ഡിസംബർ മാസം 20-ാം തീയതി മുഖ്യമന്ത്രി നിർവ്വഹിക്കുന്നതാണ്. പ്രതിവർഷം രണ്ട് ലക്ഷം മെട്രിക് ടൺ മൽസ്യം ഉൽപ്പാദിപ്പിക്കാനും സംസ്ക്കരണ പ്ളാന്റുകളുടെ സ്ഥാപിതശേഷി പരമാവധി പ്രയോജനപ്പെടുത്തി തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കുന്നതാണ്. ആഴക്കടൽ മൽസ്യബന്ധനത്തിനായി പരമ്പരാഗതമൽസ്യത്തൊഴിലാളികളെ പ്രാപ്തരാക്കാനും ആധുനിക യന്ത്രസംവിധാനങ്ങൾ ഉപയോഗിക്കാനും വേണ്ടി 25 ലക്ഷം രൂപ ചെലവിൽ ഡോറി ഫിഷിംഗ് സമ്പ്രദായം പരീക്ഷണാർത്ഥം നടപ്പാക്കുന്നതാണ്. അതാതു സ്ഥലത്തെ വെള്ളത്തിന്റെ പ്രത്യേകത പരിശോധിച്ച് ആറ്റുകൊഞ്ചുകൃഷി വ്യാപകമാക്കുന്നതാണ്. മൽസ്യത്തൊഴിലാളികളുടെ തൊഴിലവസരങ്ങളും പശ്ചാത്തലസൗകര്യങ്ങളും വർദ്ധിപ്പിക്കാനും ജീവനോപാധികൾ മെച്ചപ്പെടുത്താനുമുള്ള നടപടികളുടെ ഭാഗമായി ഒരു തീരദേശവികസന കോർപ്പറേഷൻ രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഫിഷറീസ് വകുപ്പ് സെക്രട്ടറിയെ

ചുമതലപ്പെടുത്തിയിട്ടുണ്ട്; ഒരു മാസത്തിനുള്ളിൽ പ്രസ്തുത കോർപ്പറേഷൻ പ്രാബല്യത്തിൽ വരുന്നതാണ്. വ്യവസായം, ഫിഷറീസ്, ആരോഗ്യം എന്നീ വകുപ്പുകൾ സംയുക്തമായി ചർച്ച ചെയ്ത് മൽസ്യമാലിന്യം സംസ്ക്കരിക്കുന്നതിനുള്ള പ്രോജക്ട് തയ്യാറാക്കി അനുമതിക്കായി കേന്ദ്ര ഗവണ്മെന്റിന് സമർപ്പിച്ചിട്ടുണ്ട്. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന ഗുണമേന്മയുള്ള മൽസ്യങ്ങളുടെ വിത്തുകൾ ശേഖരിച്ച് 'കേജ് ഫിഷിംഗ് സിസ്റ്റ'-ത്തിലൂടെ പുന:സ്ഥാപിച്ചെടുക്കാൻ നടപടി സ്വീകരിക്കുന്നതാണ്. മൽസ്യമേഖലയുടെ വൈവിധ്യവൽക്കരണം സംബന്ധിച്ച് ഫിഷറീസ് വകുപ്പും ജില്ലാ ഭരണകൂടവും ചേർന്ന് നാട്ടികയിൽ ഒരു ഫിഷ് ഫെസ്റ്റ് സംഘടിപ്പിക്കുന്നതാണ്; അതു സംബന്ധിച്ച ജനങ്ങളുടെ പ്രതികരണം മനസ്സിലാക്കിയശേഷം എല്ലാ തീരദേശ ജില്ലകളിലും ഇത് നടപ്പാക്കുന്നതാണ്. മൽസ്യമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ സംരക്ഷണത്തിനായി ഫിഷറീസ്-തൊഴിൽ-ആരോഗ്യവകുപ്പുകളിലെ ഉദ്യോഗസ്ഥരടങ്ങിയ ഒരു കമ്മിറ്റിയെ നിയോഗിച്ച് അടിയന്തിരമായ പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കി അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. പീലിംഗ്-സംസ്കരണ മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം നടപ്പാക്കുന്നതാണെന്ന് ഒരു ചോദ്യത്തിന് മറുപടിയായി തൊഴിലും എക്സൈസും വകുപ്പുമന്ത്രി സഭയെ അറിയിച്ചു.

36(*393) <u>അംഗീകാരമില്ലാത്ത സ്ലോട്ടർ ഹൗസുകളും മൽസ്യമാർക്കറ്റുകളും</u>

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) നൽകിയ മറുപടിയിൽ, നിയമാനുസൃതമല്ലാത്ത മൽസ്യ-മാംസ വിപണന കേന്ദ്രങ്ങൾ അടച്ചുപൂട്ടാൻ

മുനിസിപ്പൽ-പഞ്ചായത്ത് ആക്ടുകൾ പ്രകാരം നടപടികൾ സ്വീകരിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. മുനിസിപ്പൽ ആക്ടിലെ 455-ാം വകുപ്പുപ്രകാരം മുനിസിപ്പൽ അറവുശാലകളിലും ലൈസൻസുള്ള അറവുശാലകളിലും അല്ലാതെ മൃഗങ്ങളെ ഭക്ഷണാവശ്യത്തിനായി കൊല്ലുന്നത് നിരോധിച്ചിട്ടുണ്ട്. അനധികൃത ഇറച്ചി വിൽപ്പനശാലകളുടെ ലൈസൻസ് റദ്ദാക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അറവുശാലകൾ സ്ഥാപിക്കുന്നതിനുള്ള കേന്ദ്ര നിർദ്ദേശങ്ങൾ പലതും സംസ്ഥാനത്ത് ഫലപ്രദമായി നടപ്പാക്കാൻ ബുദ്ധിമുട്ടുണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് ചില ഇളവുകൾ അനുവദിച്ചിട്ടുണ്ട്; അതിന്റെ അടിസ്ഥാനത്തിൽ കർശന നിർദ്ദേശം കൊടുത്തിട്ടുണ്ട്. ശുചിയായി മാംസം വിൽപ്പന നടത്തണമെന്നും ക്രൂരമായ രീതിയിലുള്ള അറവ് ഒഴിവാക്കണമെന്നും നിർദ്ദേശം കൊടുക്കുന്നതാണ്. മാംസാവശിഷ്ടങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതുമായി ബന്ധപ്പെട്ട് കർശന ശിക്ഷാനടപടികൾ സ്വീകരിക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നും അതിനാവശ്യമായ നിയമനിർമ്മാണത്തിന് രൂപം കൊടുക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളിൽ 216 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി. ഉത്തരങ്ങൾ ലൈബ്രറിയിൽ വച്ചിട്ടുണ്ട്)